എ.വൈ.ആർ

സൂറ-13

# അർറഅ്ദ്

8 ഓരോ സ്ത്രീയും ഉദരത്തിൽ ചുമക്കുന്നതെന്തെന്നും, ഗർഭാശയങ്ങളുടെ വൃദ്ധിക്ഷയങ്ങളും അല്ലാഹു അറിയുന്നു. ഓരോ പ്രതിഭാസവും അവങ്കലുള്ള കൃത്യമായ പരിമാണപ്രകാരമാകുന്നു.
9 അഗോചരവും ഗോചരവുമായതൊക്കെയും അറിയുന്ന മഹോന്നതനാണവൻ.
10 നിങ്ങളിൽ രഹസ്യമായി മന്ത്രിക്കുന്നവനും പരസ്യമായി പറയുന്നവനും രാവിന്റെ ഇരുട്ടിൽ ഒളിച്ചിരിക്കുന്നവനും പകൽവെളിച്ചത്തിൽ ചരിക്കുന്നവനും അവന്ന് ഒരുപോലെയാകുന്നു.

ٱللَّهُ يَعۡلَمُ مَا تَحۡمِلُ كُلُّ أُنثَىٰ وَمَا تَغِيضُ ٱلۡأَرۡحَامُ وَمَا تَزۡدَادُۖ وَكُلُّ شَيۡءٍ
عِندَهُۥ بِمِقۡدَارٍ ٨
عَٰلِمُ ٱلۡغَيۡبِ وَٱلشَّهَٰدَةِ ٱلۡكَبِيرُ ٱلۡمُتَعَالِ ٩
سَوَآءٞ مِّنكُم مَّنۡ أَسَرَّ ٱلۡقَوۡلَ وَمَن جَهَرَ بِهِۦ وَمَنۡ هُوَ مُسۡتَخۡفِۭ بِٱلَّيۡلِ
وَسَارِبُۢ بِٱلنَّهَارِ ١٠

ٱللَّهُ يَعۡلَمُ= അല്ലാഹു അറിയുന്നു مَا تَحۡمِلُ= ചുമക്കുന്നത് (ഉദരത്തിൽ) كُلُّ أُنثَىٰ= എല്ലാ ഓരോ സ്ത്രീയും
وَمَا تَغِيضُ ٱلۡأَرۡحَامُ وَمَا تَزۡدَادُ= (ഗർഭാശയങ്ങളുടെ വൃദ്ധിക്ഷയങ്ങളും) ഗർഭാശയങ്ങൾ കുറയുന്നതും കൂടുന്നതും
وَكُلُّ شَيۡءٍ= (പ്രതിഭാസവും) എല്ലാ ഓരോ വസ്തുവും عِندَهُۥ= അവങ്കൽ بِمِقۡدَارٍ= കൃത്യമായ പരിമാണപ്രകാരമാകുന്നു
عَٰلِمُ= അറിയുന്നവനാണവൻ ٱلۡغَيۡبِ= അഗോചരം(അതിഭൗതികമായത്) وَٱلشَّهَٰدَةِ= ഗോചരമായതും
ٱلۡكَبِيرُ= ഏറ്റം വലിയവൻ, മഹനീയൻ ٱلۡمُتَعَالِ= ഏതവസ്ഥയിലും അത്യുന്നതനായവൻ سَوَآءٞ= സമം(ഒരുപോലെയാകുന്നു)
مِّنكُم= നിങ്ങളിൽനിന്ന് مَّنۡ أَسَرَّ ٱلۡقَوۡلَ= (രഹസ്യമായി മന്ത്രിക്കുന്നവനും) വാക്ക് രഹസ്യമാക്കിയവൻ
وَمَن جَهَرَ بِهِۦ= (പരസ്യമായി പറയുന്നവനും) അത് ഉച്ചത്തിലാക്കിയവനും وَمَنۡ هُوَ مُسۡتَخۡفِۭ= അവനും ആരോ ഒളിക്കുന്നവ(നും)ൻ
بِٱلَّيۡلِ= രാവി(ന്റെ ഇരുട്ടി)ൽ وَسَارِبُۢ= പ്രത്യക്ഷപ്പെട്ട് സഞ്ചരിക്കുന്നവനും بِٱلنَّهَارِ= (പകൽ(വെളിച്ചത്തിൽ)

**8–10:** അല്ലാഹുവിന്റെ അപാരമായ കഴിവിന്റെയും സർവഗ്രാഹിയായ ജ്ഞാനത്തിന്റെയും തെളിവുകൾ അവതരിപ്പിക്കുകയാണീ സൂക്തങ്ങൾ. പരലോക നിഷേധികളോടുള്ള ഉൽബോധനമാണത്. മനുഷ്യനെ സൃഷ്ടിച്ചു പരിപാലിക്കുന്ന സർവജ്ഞനും സർവശക്തനുമായ അസ്തിത്വത്തിന് അവനെ പുനസൃഷ്ടിക്കാനും തീർച്ചയായും കഴിയും, അല്ലാഹുവിന്റെ സർവജ്ഞത പ്രത്യേകം എടുത്തുപറഞ്ഞതിൽ, ദിവ്യാത്ഭുതങ്ങൾ ആവശ്യപ്പെടുന്നവർ അതാവശ്യപ്പെടുന്നത് സത്യം ഗ്രഹിക്കാൻ വേണ്ടിയാണോ, അവർ പ്രവാചകനെ മുട്ടുകുത്തിക്കാൻ നോക്കുകയാണോ, ദിവ്യാത്ഭുതം പ്രത്യക്ഷമായാൽ പ്രവാചകനെയും വേദത്തെയും അവരംഗീകരിക്കുമോ അതല്ല, മറ്റെന്തെങ്കിലും ദുർന്യായങ്ങളുന്നയിച്ച് കൂടുതൽ അഹങ്കാരികളും

ധിക്കാരികളുമായിത്തീരുകയാണോ ചെയ്യുക എന്നൊക്കെ അല്ലാഹുവിനു നന്നായറിയാം എന്ന സന്ദേശവും കൂടിയുണ്ട്.

അവിശ്വാസികളുടെ ശിക്ഷക്കുവേണ്ടിയുള്ള ബദ്ധപ്പാടിനോടും ദിവ്യാത്ഭുതം പ്രത്യക്ഷപ്പെടുത്തേണമെന്ന ആവശ്യത്തോടും ചേർത്തുവായിക്കുമ്പോൾ, അനിവാര്യമായി സംഭവിക്കേണ്ട ഒരു കാര്യം, എപ്പോൾ എവിടെ എങ്ങനെയാണ് സംഭവിക്കുകയെന്നറിവില്ലായ്മ അതിന്റെ സംഭവ്യതയെ ഒട്ടും സംശയാസ്പദമാക്കുന്നില്ല. ഒരു ഗർഭിണിയുടെ ഉദരത്തിലുള്ളത് ആണോ പെണ്ണോ എന്നും അതിന്റെ തൂക്കവും അവയവഘടനയും സന്തുലിതമാണോ, അതിൽ ഏറ്റക്കുറവുകളുണ്ടോ എന്നുമൊക്കെ അല്ലാഹു അറിയുന്നു. അവൾ എപ്പോൾ എവിടെയാണ് പ്രസവിക്കുകയെന്നും അവനറിയാം. നിങ്ങൾ ഇതൊന്നും അറിയുന്നില്ല. ഈ അറിവില്ലായ്മ ഒരിക്കലും ഗർഭിണിയുടെ ഗർഭത്തെയും അവൾ ഒരിക്കൽ പ്രസവിക്കുമെന്നതിനെയും നിഷേധിക്കാൻ ന്യായമാകുന്നില്ല. ഇതുപോലെയാണ് അക്രമികളുടെ ശിക്ഷാനിഷേധം. അസത്യവും അധർമവുമനുവർത്തിക്കുകയെന്നാൽ ശിക്ഷയെ ഗർഭം ധരിക്കുകയാണ്. ഒരു ഗർഭിണി എപ്പോൾ എവിടെവെച്ച് എന്താണ് പ്രസവിക്കുക എന്നറിയാത്തതുപോലെ ആ ശിക്ഷ എപ്പോഴാണ് വന്നു ഭവിക്കുക എന്ന് അവരറിയുന്നില്ല. ഗർഭിണിയുടെ പ്രസവമെന്നപോലെ ശിക്ഷയുടെ ഇറക്കവും കൃത്യമായറിയുന്നത് അല്ലാഹുവാണ്.

ഗർഭസ്ഥ ശിശുവിന്റെ ലിംഗം, തൂക്കം, ആരോഗ്യം തുടങ്ങിയ കാര്യങ്ങൾ ആധുനിക സാങ്കേതികോപകരണങ്ങളുടെ സഹായത്താൽ ഇക്കാലത്ത് മനുഷ്യർക്ക് അറിയാൻ കഴിയുന്നുണ്ട്. അല്ലാഹു തനിക്കു മാത്രമുള്ളതായി ഇവിടെ പ്രസ്താവിക്കുന്നത് ഈ അറിവല്ല. സാങ്കേതിക വിദ്യകളിലൂടെയുള്ള അറിവ് സോപാധികമാണ്. ഉപകരണത്തിന്റെ കൃത്യതയനുസരിച്ചിരിക്കും അതിന്റെ ആധികാരികത. അറിവ് എന്നതിലുപരി അനുമാനമാണത്. പലപ്പോഴും ഈ അറിവ് തെറ്റാകാം. ഒരു കുഴപ്പവുമില്ലെന്ന് ഗൈനക്കോളജിസ്റ്റുകൾ പ്രവചിച്ച ഭ്രൂണം ചിലപ്പോൾ അലസിപ്പോവാം, ചാപിള്ളയായി പ്രസവിക്കപ്പെടാം. വികലാംഗ ശിശുവാകാം. അവർ നിർണയിച്ച ദിവസത്തിന് മുമ്പോ പിമ്പോ പ്രസവം നടക്കാം. ഇതെല്ലാം സാധാരണമാണ്. അല്ലാഹു തനിക്കു മാത്രമുള്ളതെന്നവകാശപ്പെടുന്ന അറിവ് ഉപകരണങ്ങളുടെ സഹായത്തോടെ നടത്തുന്ന നിഗമനങ്ങളല്ല. നേർകാഴ്ചകൾ പോലെ അസന്ദിഗ്ധവും സ്പഷ്ടവുമായ യാഥാർഥ്യങ്ങളാണ്. ഗൈനക്കോളജിസ്റ്റുകൾ ഒരു ഭ്രൂണത്തെക്കുറിച്ചറിയുന്നത്, സ്ത്രീ ഗർഭിണിയായശേഷം പരിശോധനക്ക് എത്തുമ്പോഴാണ്. എന്നാൽ ആ സ്ത്രീതന്നെ ജനിക്കുന്നതിനു മുമ്പേ അവൾ എന്തൊക്കെ എങ്ങനെയൊക്കെ ഗർഭം ധരിക്കുമെന്ന് അല്ലാഹുവിന്നറിയാം. മനുഷ്യന് ലഭിക്കുന്ന അറിവ് പരിമിതവും സോപാധികവും സ്ഥലകാലാപേക്ഷിതവുമാണ്. അല്ലാഹുവിന്റെ അറിവാകട്ടെ കേവലമാകുന്നു.

غاض‌യുടെ വർത്തമാന രൂപമാണ് تغيض. പറ്റിപ്പിടിച്ചു, പോയി, കുറഞ്ഞു, ക്ഷയിച്ചു എന്നൊക്കെ അർഥമുണ്ട്. കുറവ്, ക്ഷയം എന്ന ആശയമാണ് തർജമയിൽ സ്വീകരിച്ചിട്ടുള്ളത്. അതായത് ഗർഭസ്ഥ ശിശുവിന് അവയവങ്ങൾ കുറഞ്ഞുപോവുകയോ കൂടിപ്പോവുകയോ ചെയ്യുക, തൂക്കമോ ഉയരമോ പതിവിൽ കൂടുകയോ കുറയുകയോ ചെയ്യുക, ഗർഭാശയത്തിൽ ഭ്രൂണം അപൂർണമാവുകയോ ഒന്നിലധികം ശിശുക്കളുണ്ടാവുകയോ ചെയ്യുക.

കൂടെയുള്ള وَمَا تَزْدَادُ -കൂട്ടുന്നതും- എന്നവാക്ക് ഈ അർഥത്തെ ബലപ്പെടുത്തുന്നു. പൂർണമായി രൂപപ്പെടുന്നതിനു മുമ്പ് ഗർഭാശയം ഭ്രൂണത്തെ പുറത്തേക്ക് തള്ളുന്നതിന് (ഗർഭഛിദ്രം) غاضت الرّحم എന്നുപറയും. ഇതുപരിഗണിച്ചുകൊണ്ട് കാലം തികയാതെ പ്രസവിക്കുക എന്നും ചിലർ അർഥം കൽപിക്കുന്നുണ്ട്. ഗർഭം തികഞ്ഞിട്ടും ഗർഭകാലം വർധിക്കുക- നീണ്ടുപോവുക എന്നാകും അപ്പോൾ وَمَا تَزْدَادُ വിന്റെ ആശയം. ഈ അർഥകൽപനക്കുപോദ്ബലകമായി ഗർഭകാലം രണ്ടും മൂന്നും വർഷം വരെ നീണ്ടുപോയ സംഭവങ്ങൾ ചിലർ ഉദ്ധരിക്കുന്നുണ്ട്. ദഹ്ഹാക്ക് എന്ന താബിഈ പണ്ഡിതൻ തന്റെ മാതാവ് തന്നെ രണ്ടു വർഷം വയറ്റിൽ ചുമന്നുവെന്ന് പ്രസ്താവിച്ചതായി ഇമാം ഇബ്നു കസീർ രേഖപ്പെടുത്തിയിരിക്കുന്നു. (തഫ്സീർ ഇബ്നു കസീർ വാ. 2 പേ. 502) ഖലീഫ ഉമറിന്റെ(റ) ഉദ്യോഗസ്ഥനായിരുന്ന ഹറം ബിൻ ഹയ്യാൻ നാലുകൊല്ലക്കാലം ഗർഭസ്ഥനായിരുന്നുവെന്ന് ഹിൽയതു ഔലിയാഅ് (വാ. 2, പേ. 119) രേഖപ്പെടുത്തിയിരിക്കുന്നു.

وَكُلُّ شَيْءٍ عِندَهُۥ بِمِقْدَارٍ ന് രണ്ടു അർഥങ്ങളുണ്ട്. ഒന്ന്, ലോകത്തു ഉളവാകുന്ന എല്ലാ പ്രതിഭാസങ്ങളും കൃത്യമായി നിശ്ചയിച്ചു വെച്ച വ്യവസ്ഥകളനുസരിച്ചാണ് ഉളവാകുന്നത്. ആ വ്യവസ്ഥ നിശ്ചയിച്ചു വെച്ച വിധാതാവിന് ഓരോ പ്രതിഭാസത്തിന്റെയും ഓരോ ചലനത്തെക്കുറിച്ചുമറിയാം. യാതൊന്നും അവന്റെ വ്യവസ്ഥയിൽനിന്നും അറിവിൽനിന്നും മാറിപ്പോകുന്നില്ല. ഒരുശിശു ചാപിള്ളയായോ വൈകല്യമുള്ളതായോ പിറക്കുന്നത്, അത് അല്ലാഹു അറിയാതെ, അല്ലെങ്കിൽ അവന്റെ അശ്രദ്ധ കൊണ്ടോ കൈപ്പിഴ കൊണ്ടോ സംഭവിച്ചതാണെന്നു വിചാരിക്കേണ്ട. അവൻ നിശ്ചയിച്ച നിയമങ്ങൾക്കുവിധേയമായി അവന്റെ അറിവോടെ തന്നെയാണതുണ്ടാകുന്നത്. അക്രമികളിൽ ചിലർക്ക് പെട്ടെന്ന് ശിക്ഷ ലഭിക്കുന്നതും ചിലർ അതിനു ധൃതി കൂട്ടിയിട്ടും ലഭിക്കാതിരിക്കുന്നതും അപ്രകാരം തന്നെ അവന്റെ നിശ്ചയവും നിയമവുമനുസരിച്ചാണ്.

ഉസാമതുബിൻ സൈദ് നിവേദനം ചെയ്ത ഒരു ഹദീസിൽ ഇങ്ങനെ കാണാം: നബി(സ)യുടെ ഒരു പുത്രി അവരുടെ മകന് മരണം ആസന്നമായപ്പോൾ നബി(സ) അവിടെ എത്തണമെന്ന് അവർ ആഗ്രഹിക്കുന്നതായി അറിയിച്ചു. അദ്ദേഹത്തിന്റെ അടുത്തേക്ക് ആളയച്ചു. അപ്പോൾ നബി(സ) അവരോട് ഇപ്രകാരം ചൊല്ലി അയക്കുകയുണ്ടായി. "അല്ലാഹു എടുത്തത് അവന്റേതാണ്. അവൻ നൽകിയതും അവന്റേതാണ്. എല്ലാറ്റിനും അവങ്കൽ നിർണിതമായ അവധിയുണ്ട്. അവളോട് ക്ഷമയവലംബിക്കാനും അല്ലാഹുവിങ്കൽ പുണ്യം തേടാനും ഉപദേശിക്കുവീൻ."

عَـٰلِمُ ٱلْغَيْبِ എന്നു തുടങ്ങുന്ന സൂക്തം മുൻ സൂക്തത്തിന്റെ ആശയത്തെ ഒന്നുകൂടി ഊന്നിപ്പറയുകയാണ്. അതായത് അല്ലാഹുവിന്റെ കഴിവും ജ്ഞാനവും ആസൂത്രണവും നിങ്ങളുടെ പരിമിതമായ അറിവുകൊണ്ടളക്കാൻ ശ്രമിക്കരുത്. ഗോചരലോകത്തെയും അഗോചര ലോകത്തെയും ഉൾക്കൊള്ളുന്നതാണവന്റെ ജ്ഞാനം. ഗംഭീരവും അത്യുന്നതവുമാണവന്റെ അസ്തിത്വം. അവന്റെ പദ്ധതികളും പരിപാടികളും അവനു മാത്രമേ അറിയൂ. അതിൽ അവൻ വെളിപ്പെടുത്തിക്കൊടുക്കുന്നതു മാത്രമേ അവനല്ലാത്തവർക്കറിയാൻ കഴിയൂ. ഇതിന്റെ തന്നെ വിശദീകരണമാണ് سَوَآءٌ مِّنكُم എന്ന സൂക്തം. സൃഷ്ടികളുടെ രഹസ്യ അജണ്ടകളും പരസ്യ പ്രചാരണങ്ങളും, അവൻ രാവിന്റെ ഇരുട്ടിൽ ഒളിച്ചിരുന്നു ചെയ്യുന്നതും പകൽ

വെളിച്ചത്തിൽ പ്രത്യക്ഷമായി ചെയ്യുന്നതുമെല്ലാം അല്ലാഹു ഒരുപോലെ അറിയുന്നുണ്ട്. ഇരുട്ടിന്റെ മറവിലൊളിച്ച് അവന്റെ പിടുത്തത്തിൽനിന്ന് രക്ഷപ്പെടാമെന്നോ പകൽ വെളിച്ചത്തിൽ അവനെ കബളിപ്പിച്ച് കടന്നു കളയാമെന്നോ ആരും വ്യാമോഹിക്കേണ്ട.

വലിയവൻ എന്നാണ് كبير ന്റെ ഭാഷാർഥം. ഗംഭീരമായത് മഹത്തായത് എന്ന അർഥത്തിൽ പദാർഥങ്ങൾക്കും ആശയങ്ങൾക്കും ആലങ്കാരികമായി ഇതുപയോഗിക്കും. ഈ അർഥമാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. عالیയുടെ അത്യുത്തമ വാചിയാണ് متعالی ഇതിലെ 'یاء' ഉച്ചാരണ സൗകര്യത്തിനുവേണ്ടി അനുക്തമാക്കിയിരിക്കുന്നു. ഔന്നത്യം സത്താ ഗുണമായിട്ടുള്ളവൻ എന്നാണ് متعالیയുടെ താൽപര്യം. അതായത് അവന്റെ ഔന്നത്യം അവനിൽ തന്നെയുള്ളതാണ്, പുറമെ നിന്നുണ്ടായതല്ല. ആരെങ്കിലും നിഷേധിച്ചാലും അംഗീകരിച്ചാലും- ഏതവസ്ഥയിലും അവൻ ഉന്നതനാകുന്നു. ഔന്നത്യം കൊണ്ടുദ്ദേശ്യം സമ്പൂർണമായ അന്തസ്സും പ്രതാപവും അജയ്യതയുമാകുന്നു. ആർക്കും അവനെ അതിജയിക്കാനോ സ്വാധീനിക്കാനോ കഴിയില്ല. എല്ലാവിധ ന്യൂനതകൾക്കും അപര്യാപ്തികൾക്കും അതീതനാണവൻ. تَعَـٰلَىٰ عَمَّا يُشْرِكُونَ (ജനം ആരോപിക്കുന്ന പങ്കാളിത്തങ്ങൾക്കെല്ലാം അതീതനായ അത്യുന്നതനാണവൻ).

വഴി എന്നർഥമുള്ള سَرْب ൽ നിന്നുദ്ഭവിച്ച سَرَبَ (സഞ്ചരിച്ചു) എന്ന ക്രിയയുടെ കർതൃപദമാണ് سارب.

പ്രകൃത സൂക്തങ്ങൾ വചനശാസ്ത്രകാരന്മാരും കർമശാസ്ത്രകാരന്മാരും രണ്ടു വ്യത്യസ്ത കാര്യങ്ങൾക്ക് പ്രമാണമായി അവതരിപ്പിക്കാറുണ്ട്. മുസ്‌ലിംകളല്ലാത്ത ചില തത്ത്വചിന്തകർ അനിവാര്യാസ്തിത്വ(വാജിബുൽവുജൂദ്)ത്തിന്റെ ജ്ഞാനം മൊത്തത്തിലുള്ളതാണ്, വിശദാംശങ്ങളിലുള്ളതല്ല എന്നു വാദിക്കുന്നു. മുസ്‌ലിം വചനശാസ്ത്രകാരന്മാർ ഈ സൂക്തങ്ങളെ ആധാരമാക്കി അതിനെ ഖണ്ഡിക്കുന്നു. അല്ലാഹുവിന് എല്ലാ കാര്യങ്ങളുടെയും വിശദമായ അറിവുണ്ട്. അവന്റെ അറിവിൽ പെടാത്ത സൂക്ഷ്മമോ സ്ഥൂലമോ ആയ യാതൊരു കാര്യവുമില്ല. ആ അറിവ് അവന്റെ സത്താഗുണമായ അത്യുന്നതാവസ്ഥയുടെ അനിവാര്യതയാകുന്നു.

ചില കർമശാസ്ത്രകാരന്മാർ 8-ാം സൂക്തത്തെ ഗർഭകാലം നിർണയിക്കാനുള്ള മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നു. ഗർഭകാലം അതിന്റെ സ്വാഭാവികമായ കാലത്തെക്കാൾ ഏറുകയോ കുറയുകയോ ചെയ്യാം. ഇമാം ശാഫിഈയും മാലിക്കും وَمَا تَغِيضُ ٱلْأَرْحَامُ وَمَا تَزْدَادُ എന്ന വാക്യം ഗർഭകാലത്തും സ്ത്രീക്ക് ആർത്തവമുണ്ടാകാമെന്നതിനും തെളിവായി കരുതുന്നു. ഇമാം അബൂഹനീഫ അതംഗീകരിച്ചില്ല. ഗർഭിണിക്ക് രക്തസ്രാവമുണ്ടായാൽ അവളെ ആർത്തവക്കാരിയായി കരുതാൻ പാടില്ലെന്നാണദ്ദേഹത്തിന്റെ നിലപാട്. മേൽ വാക്യത്തിന്റെ 'ഗർഭകാലം ചുരുങ്ങുകയോ വർധിക്കുകയോ ചെയ്യുക' എന്ന ആശയത്തെ ആധാരമാക്കി ആറാം മാസത്തിലും പ്രസവം നടക്കുമെന്ന് പണ്ഡിതന്മാർ ഏകോപിതമായി അഭിപ്രായപ്പെട്ടിരിക്കുന്നു. അതായത്, നികാഹ് കഴിഞ്ഞ ആറാംമാസം സ്ത്രീ പ്രസവിച്ചാൽ അതവളുടെ ഭർത്താവിന്റെ കുട്ടിയായിത്തന്നെ പരിഗണിക്കപ്പെടണം. കൂടിയ ഗർഭകാലത്തെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്. മാലിക്കിന്റെ വീക്ഷണത്തിൽ ഗർഭകാലം അഞ്ചുവർഷം വരെ ദീർഘിക്കാം. ഇമാം ശാഫിഇയും അഹ്മദും നാലു വർഷമാണ് കണക്കാക്കുന്നത്. അബൂഹനീഫ രണ്ടുവർഷവും. ഈ സൂക്തം ഇതിനൊക്കെ ആധാരമാക്കുന്നത് ബാലിശമാണെന്നും സ്ത്രീകളുടെ കുറഞ്ഞ ഗർഭകാലവും കൂടിയ ഗർഭകാലവും കണക്കാക്കേണ്ടത് അനുഭവത്തിന്റെയും ശാസ്ത്രീയ പരീക്ഷണങ്ങളുടെയും വെളിച്ചത്തിലാണെന്നുമാണ് മറ്റൊരഭിപ്രായം. ■